"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-11-02-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - വൈക്കം ബ്ലോക്ക് പഞ്ചായത്ത്- പട്ടികജാതി യുവതികൾക്ക് പി.എസ്.സി പരിശീലനം എന്ന പദ്ധതിയ്ക്ക് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.257/2022/LSGD തീയതി,തിരുവനന്തപുരം, 05-02-2022

---

പരാമർശം:-
1. കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.12.2021 ലെ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 11.01.2022-ലെ തീരുമാനം നം.4.56

**ഉത്തരവ്**

പട്ടികജാതി യുവതികൾക്ക് പി.എസ്.സി പരിശീലനത്തിനുള്ള പ്രോജക്ട് വൈക്കം ബ്ലോക്ക് പഞ്ചായത്ത് ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിൽ നിന്നും 30 പേർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. പട്ടികജാതി വികസന വകുപ്പിന്റെ പരിശീലനകേന്ദ്രത്തിൽ വച്ച് 6 0 ദിവസത്തെ പരിശീലനമാണ് നൽകുന്നത്. പരിശീലകർക്ക് ഓണറേറിയം, പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം, പഠന സാമഗ്രികൾ ഒരു ദിവസത്തെ പഠനയാത്ര എന്നിവ പദ്ധതിയുടെ ഭാഗമാണ് ഈ പ്രോജക്റ്റിന് അനുമതി നൽകണമെന്ന അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും, നിബന്ധനകളോടെ, പട്ടികജാതി യുവതികൾക്കായതിനാൽ പ്രത്യേക അനുമതി പരാമർശം ( 2 ) പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ വൈക്കം ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 'പട്ടികജാതി യുവതികൾക്ക് പി.എസ്.സി പരിശീലനം' എന്ന പദ്ധതിയ്ക്ക് (പ്രോ.നം: 58/22) പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു. എന്നാൽ പരിശീലനം, പ്രവർത്തന മികവു തെളിയിച്ച ട്രെയിനിംഗ് സ്ഥാപനം മുഖേന നടത്തുന്നത് ബ്ലോക്ക് പഞ്ചായത്ത് പരിഗണിക്കണം. പരിശീലകരെ കണ്ടെത്തി പരിശീലനം നൽകാൻ തന്നെയാണ് തീരുമാനിക്കുന്നതെങ്കിൽ പ്രൊഫഷണലായ പരിശീലകരെയാണ് നിയോഗിക്കുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡണ്ട്/സെക്രട്ടറി, വൈക്കം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Nisam N**

**Date: 09-02-2022 13:54:05**

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്